# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1685

18.06.2012-ൽ മറുപടിക്ക്

## കടൽസുരക്ഷ പദ്ധതി

ചോദ്യം — മറുപടി

| | | | |
|---|---|---|---|
| | ശ്രീ. കെ. ശിവദാസൻ നായർ<br>,, ഷാഫി പറമ്പിൽ<br>,, സണ്ണി ജോസഫ്<br>,, എം. എ. വാഹീദ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കടൽസുരക്ഷയുമായി ബന്ധപ്പെട്ട് കേന്ദ്രാനുമതിക്കായി എന്തെല്ലാം പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ; | (എ) | കടൽ സുരക്ഷയുമായി ബന്ധപ്പെട്ട് 910 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 'സേഫ്റ്റി അറ്റ് സീ' എന്ന പ്രോജക്ടിന് റിപ്പോർട്ട് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കടൽ സുരക്ഷ പദ്ധതി പ്രകാരം ആഴക്കടൽ സുരക്ഷ പദ്ധതി പ്രകാരം ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന 600 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് (പ്രധാനമായും പരമ്പരാഗത മോട്ടോറൈസ് യാനങ്ങൾ ഉപയോഗിക്കുന്നവർക്ക്), ജി.പി.എസ് സെർച്ച് ആന്റ് റെസ്ക്യൂ ബീക്കൺ, എക്കോസൗണ്ടർ, വാർത്താ വിനിമയ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുന്ന കിറ്റുകൾ നൽകുന്നതാണ്. കടൽ സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന GPS-VHF റേഡിയോ ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുന്നത് കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയാണ്. ഇതിനായി ഏജൻസിയ്ക്ക് 35,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിൽ എത്ര പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | കടൽ സുരക്ഷയുമായി ബന്ധപ്പെട്ട് 910 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 'സേഫ്റ്റി അറ്റ് സീ' പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതി കൾക്ക് എത്ര ശതമാനം സബ് സിഡിയാണ് അനുവദിക്കുന്നത്; ബാക്കി തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്? | (സി) | ടി പദ്ധതിയ്ക്ക് കേന്ദ്ര വിഹിതമായ 75% തുക സബ്സിഡിയായി അനുവദിക്കുന്നു. ബാക്കി 25% ഗുണഭോക്തൃ വിഹിതമായി കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ